EB(1)

17038

DIRECTORATE OF ECONOMICS & STATISTICS
05 JUL 2017
THIRUVANANTHAPURAM

**കേരള സർക്കാർ**

<u>സംഗ്രഹം</u>

ആസൂത്രണസാമ്പത്തികകാര്യ വകുപ്പ് - ഡി.ഇ.എസ് - ജീവനക്കാര്യം - ഡെപ്യൂട്ടി ഡയറക്ടർ/അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ സ്ഥലം മാറ്റം/സ്ഥാനക്കയറ്റം നൽകി നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആസൂത്രണസാമ്പത്തികകാര്യ (ബി) വകുപ്പ്**

**സ.ഉ(സാധാ)നം.395/17/പ്ലാനിംഗ്. തിരുവനന്തപുരം, തീയതി, 04/07/2017.**

പരാമർശം:- സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടർ ജനറലിന്റെ 21/06/2017-ലെ ഇ ബി (1) 9768/2017/ഡിഇഎസ് നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ നിലവിൽ ഒരു ഒഴിവുണ്ടെന്നും പ്രസ്തുത ഒഴിവിലേക്ക് ഡെപ്യൂട്ടി ഡയറക്ടർ വിഭാഗത്തിൽ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ശ്രീമതി.ജി.ദിവ്യ അസിസ്റ്റന്റ് ഡയറക്ടർക്ക് സ്ഥാനക്കയറ്റം നൽകാവുന്നതാണെന്നും ശ്രീമതി.ജി.ദിവ്യക്ക് ഡെപ്യൂട്ടി ഡയറക്ടർ ആയി സ്ഥാനക്കയറ്റം നൽകുമ്പോൾ ഉണ്ടാകുന്ന ഒഴിവിൽ ആർ. എം എസ് എ യിൽ പ്രൊജക്ട് മാനേജർ തസ്തികയിൽ അന്യത്ര സേവനത്തിൽ തുടരുന്ന ശ്രീ.കെ.എം. രാജേന്ദ്ര പ്രസാദിനെ ടിയാന്റെ അപേക്ഷ പരിഗണിച്ച് (ടിയാന്റെ ഡെപ്യൂട്ടേഷൻ കാലാവധി 16/07/2017-നു അവസാനിക്കുന്നതിനാൽ) സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ് ഡയറക്ടറേറ്റിലെ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ സ്ഥലം മാറ്റം നൽകി ഉത്തരവാകുന്നതിനും ഡയറക്ടർ ജനറൽ, സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് പരാമർശം- 1 പ്രകാരം ശുപാർശ ചെയ്തിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടറേറ്റിലെ അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി.ജി.ദിവ്യയെ ഡെപ്യൂട്ടി ഡയറക്ടർ ആയി സ്ഥാനക്കയറ്റം നൽകി കണ്ണൂർ ജില്ലാ വ്യവസായ കേന്ദ്രത്തിൽ മാനേജർ (ഇ ഐ ) ആയി നിയമിച്ചു കൊണ്ടും ആർ. എം എസ് എ യിൽ നിന്നും പ്രൊജക്ട് മാനേജർ തസ്തികയിലെ അന്യത്ര സേവന കാലാവധി 16/07/2017 ന് അവസാനിപ്പിച്ച് തിരികെയെത്തുന്ന അസിസ്റ്റന്റ് ഡയറക്ടർ ശ്രീ.കെ.എം. രാജേന്ദ്രപ്രസാദിനെ സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടറേറ്റിലെ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ നിയമിച്ചു കൊണ്ടും സർക്കാർ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം),

**വേണു ശർമ്മ. എസ്,**

അണ്ടർ സെക്രട്ടറി.

To

1. ഡയറക്ടർ ജനറൽ, ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്, തിരുവനന്തപുരം.
2. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (ഡയറക്ടർ ജനറൽ, ഡി.ഇ. എസ് മുഖേന).
3. സ്റ്റേറ്റ് പ്രൊജക്ട് ഡയറക്ടർ , രാഷ്ട്രീയ മാധ്യമിക് ശിക്ഷ അഭിയാൻ , തിരുവനന്തപുരം.
4. ജനറൽ മാനേജർ , ജില്ലാ വ്യവസായ കേന്ദ്രം, കണ്ണൂർ.
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ/എ&ഇ), കേരള, തിരുവനന്തപുരം.

6. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം / കണ്ണൂർ.
7. ആസൂത്രണസാമ്പത്തികകാര്യ (സിപിഎംയു) വകുപ്പ്.
8. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ).
9. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

മേലെഴുത്ത് നമ്പർ. ഇബി(1) 9768/2017/ഡിഇഎസ്, തീയതി: 06-07-2017.

ഉത്തരവിന്റെ പകർപ്പ് ഉദ്യോഗസ്ഥരുടെ അറിവിലേക്കായി വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

ഡയറക്ടർ ജനറലിനു വേണ്ടി.